# നാം ദൈവത്തിന്റെ ആലയം

## സങ്കീർത്തനം 74:3

**‘നിത്യശൂന്യങ്ങളിലേക്കു നിന്റെ കാലടി വെയ്ക്കേണമേ. ശത്രു വിശുദ്ധ മന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു.’**

ആസാഫിനാൽ രചിക്കപ്പെട്ട ഒരു സങ്കീർത്തനമാണല്ലോ ഇത്. ദുഷ്ടൻ (ശത്രു) യിസ്രായേലിന്റെ ദൈവാലയം തകർത്തു കളഞ്ഞ വിവരമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. നിറഞ്ഞ ആരാധനയുമായി ദൈവസന്നിധിയിൽ കടന്നു വന്നിരുന്ന ദൈവജനത്തിന്റെ ശോചനീയമായ അവസ്ഥ നാം ഇവിടെ കാണുന്നു. അതേ, വെറും ശൂന്യത മാത്രം.

എത് മനുഷ്യനും തന്റെ ജീവിതയാത്രയിൽ ‘‘ശൂന്യതയ്’’ക്ക് അല്പ നിമിഷത്തേക്കെങ്കിലും അടിമകളായിട്ടുള്ളവരാകും. ശൂന്യത എന്ന് പറയുമ്പോൾ ഒന്നുമില്ലായ്മയുടെ അവസ്ഥ, അവിടെ ഉൾക്കൊള്ളുവാൻ അർത്ഥവത്തായി യാതൊന്നുമില്ല. ലക്ഷ്യമില്ല, ഫലവുമില്ല, ജീവന്റെ തുടിപ്പില്ല, പ്രവർത്തനമില്ല, ആശ്വാസമില്ല. ശൂന്യമായി കിടക്കുന്ന ദൈവാലയത്തിന്റെ സ്ഥിതി കണ്ടുകൊണ്ട്, ഏതാണ്ട് ഇതേ ഒരു അനുഭവത്തിന്റെ വെളിച്ചത്തിലുള്ള ഒരു പ്രാർത്ഥന തന്നെയാണ് കുറിവാക്യമായി നാം വായിച്ച വചനം എന്ന് മനസ്സിലാക്കാം. അതായത് വിശുദ്ധമന്ദിരം ശൂന്യമായി കിടക്കുന്നു, അവിടെ ദൈവീക സാന്നിദ്ധ്യം ഇല്ല, ആരാധനയും ഇല്ല.

യിസ്രായേലിന് തന്റെ ദൈവത്തെ ആരാധിക്കണമെങ്കിൽ, ദൈവീക സാന്നിദ്ധ്യത്തിന്റെ ആസ്വാദനം ഒന്ന് രുചിച്ചറിയണമെങ്കിൽ, മന്ദിരത്തിലേക്ക് (ദൈവാലയത്തിലേക്ക്) കടന്നു ചെല്ലണമായിരുന്നു. എന്നാൽ പ്രിയ ദൈവമക്കളായുള്ളോരേ, ഇന്ന് കർത്താവിന്റെ വിശുദ്ധമന്ദിരങ്ങളായി, ആരാധനയായി നമ്മേ തന്നേ ആക്കി വെക്കുവാനുള്ള ദൈവ കൃപ ലഭിച്ചു. **Romans 12:1** നാം അത് വായിക്കുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ, ഇന്ന് ശൂന്യമായി കിടക്കുന്ന ആരാധനയുടെ അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടെങ്കിൽ, നമുക്ക് പൂർണ്ണമായി സമർപ്പിക്കാം.

ആരാധന ദൈവത്തിന് കൊടുക്കുന്നതാണ്. അവന്റെ മഹത്വവും, ശക്തിയും, പ്രതാപവും, തേജസ്സും എല്ലാം എല്ലാം, നാം അവനുമായി ഇഴുകിചേർന്ന് ജീവിക്കുന്ന അനുഭവത്തിന്റെ വെളിപ്പെടുത്തൽ ആണല്ലോ. അങ്ങനെ ഒന്ന് കൊടുക്കണമെങ്കിൽ ഹൃദയം നിറഞ്ഞു

കവിയണം. ശൂന്യമായ ഹൃദയത്തോടെ അതിന് കഴിയില്ല കർത്താവിന്റെ കാലടികൾ ഹൃദയ ശൂന്യതകളിലേക്ക് ആഴമായി പതിഞ്ഞെങ്കിൽ മാത്രമേ അവന് ഹിതകരമായ ഒരു യാഗപീഠം സമർപ്പിക്കാൻ കഴിയുകയുള്ളു

74-ാം സങ്കീർത്തനത്തിന്റെ തന്നെ 6-ാം വാക്യത്തിൽ നാം കാണുന്നത്. "മന്ദിരത്തിന്റെ ചിത്രപ്പണികളെ ആകപ്പാടെ തകർത്തു കളയുന്നു'' എന്നാണല്ലോ. ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ട ഒരു ദൈവപൈതലിന് ഒരു ആത്മീക സൗന്ദര്യം ഉണ്ട്, ജീവനുണ്ട്, നിറവുണ്ട്, പ്രവർത്തിയുണ്ട്, ആശ്വാസം ഉണ്ട്. യിസ്രയേലിന്റെ മന്ദിരത്തിന്റെ ചിത്രപ്പണികൾ ശത്രു തകർത്തതുപോലെ ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ നിറവ് നഷ്ടപ്പെടുത്താൻ ശത്രുവിന് വിട്ടു കൊടുക്കരുത്. ദിനം തോറും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് അവന്റെ ഭംഗിയുള്ള ചിത്രപ്പണികളായി തീരാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ഓരോരുത്തർക്കും അവൻ നൽകിയിരിക്കുന്ന കൃപകളും കൃപാവരങ്ങളും ഏറ്റം സൗന്ദര്യമുള്ളതാക്കി തീർക്കാം.

ഹാബേലിന്റെ ഹൃദയത്തിന്റെ ശുദ്ധീകരണത്തെയും നിറവിനെയും കണ്ട ദൈവം അവനിൽ പ്രസാദിച്ചതു പോലെ കർത്താവിന്റെ കാലടികൾ സ്ഥിരമായി ഹൃദയങ്ങളിൽ പതിഞ്ഞുകൊണ്ട്, ദിനംതോറും ഒരു ആരാധനയായി (സമർപ്പണമായി) തീരാൻ ഓരോ ദൈവപൈതലിനും സാധിക്കട്ടെ. ഏതു ജീവിതാവസ്ഥയിലും ശൂന്യത കൂടാതെ ദൈവ സാന്നിദ്ധ്യ ബോധം അനുഭവിക്കാൻ കഴിയുന്നത് കൃപയാണ്. ജീവിതത്തിന്റെ ചില ഭാവഭേദങ്ങൾ, തൽക്കാലത്തേക്ക് ദൈവ സാന്നിദ്ധ്യത്തെ നഷ്ടപ്പെടുത്തിയ അനുഭവങ്ങൾ ഉണ്ടെങ്കിൽ, ഒരു നിറഞ്ഞ പ്രാർത്ഥനയോടെ, സമർപ്പണത്തോടെ അവന്റെ കരങ്ങളിൽ കൊടുക്കാൻ കഴിയട്ടെ. ജീവിതത്തിന്റെ ഓരോ രംഗങ്ങളിലും, ദൈവമേ നിന്റെ ശക്തമായ കാലടികൾ പതിപ്പിച്ച്, പൂർണ്ണ ഹൃദയത്തോടും, ശക്തിയോടും, ആത്മാവോടും സത്യദൈവത്തെ ആരാധിക്കാനും മഹത്വപ്പെടുത്താനും ഇടയാകട്ടെ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 008**